51

# യെരുശലേമിൽ

## (21:12- 27)

താൻ ശത്രു നഗരത്തിലാണ് പ്രവേശിക്കുന്നത് എന്ന് യേശുവിന് അറിയാമായിരുന്നു, കാരണം അധികാരികൾ യേശുവിനെ വെറുത്തിരുന്നു. ഉൽസാഹ ഭരിതരായ പുരുഷാരത്തോടുകൂടെ അവൻ പ്രവേശിച്ചത് പെസഹാ സമയത്ത് അവനെ സ്വീകരിക്കുവാനിടയായി എന്നാണ് മത്തായി 21:8-11 പറയുന്നത്. പ്രവേശിച്ചയുടനെ യേശു ആദ്യം ചെയ്തത് എന്താണ്?

### ദൈവാലയ ശുദ്ധീകരണം (21:12, 13)

**12യേശു ദൈവാലയത്തിൽ ചെന്നു, ദൈവാലയത്തിൽ വിൽക്കുന്നവരെയും കൊള്ളുന്നവരേയും എല്ലാം പുറത്താക്കി, പൊൻവാണിഭക്കാരുടെ മേശകളെയും പ്രാവുകളെ വിൽക്കുന്നവരുടെ പീഠങ്ങളെയും മറിച്ചുകളഞ്ഞു അവരോട്, 13" 'എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും' എന്നു എഴുതിയിരിക്കുന്നു; നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർക്കുന്നു എന്നു പറഞ്ഞു."**

വിജയപ്രവേശന വിവരണത്തിൽനിന്നു മത്തായി പോകുന്നത് ദൈവാലയ ശുദ്ധീകരണത്തിലേക്കാണ്, വിജയപ്രവേശനത്തിന്റെ അടുത്ത ദിവസം യേശു വീണ്ടും അവിടെ എത്തിയപ്പോഴാണ് ദൈവാലയ ശുദ്ധീകരണം നടക്കുന്നതെന്ന് മർക്കൊസ് വിവരിക്കുന്നു (മർ. 11:11-19). മറ്റൊരു വാക്കിൽ പറഞ്ഞാൽ ദൈവാലയ ശുദ്ധീകരണം നടന്നത് കഷ്ടാനുഭവ ആഴ്ച്ചയിലെ തിങ്കളാഴ്ച്ചയായിരുന്നു.

സംക്ഷിപ്ത സുവിശേഷങ്ങളിലെ ദൈവാലയ ശുദ്ധീകരണ വിവരണവും (21:12, 13; മർ. 11:15-18; ലൂക്കൊ. 19:45, 46) യോഹന്നാന്റെ സുവിശേഷം ആരംഭിക്കുമ്പോൾ വിവരിക്കുന്നതു വായിക്കുമ്പോൾ നമ്മെ അന്ധാളിപ്പിക്കുന്ന ഒരു ചോദ്യം ഉയരും (യോഹ. 2:13-17). ആ സംഭവം - വാസ്തവത്തിൽ കഷ്ടാനുഭവാഴ്ച്ചയിൽ സംഭവിച്ചതാണോ? വേദശാസ്ത്രപരമായ കാരണത്താൽ (കാലനിർണ്ണയം നോക്കാതെ) യോഹന്നാൻ ആദ്യം രേഖപ്പെടുത്തിയതാണോ? രണ്ടാമത്തെ കാഴ്ച്ചപ്പാടിനെ പിന്താങ്ങുന്നതാണ്, ശുദ്ധീകരണ ശേഷം യേശു നടത്തിയ പ്രസ്താവന. നാൽപത്തി-യാറു വർഷമായി തങ്ങൾ ദൈവാലയത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നു എന്നാണ് യെഹൂദന്മാർ പറഞ്ഞത് (യോഹ. 2:20). ദൈവാലയത്തിന്റെ പുനർനിർമ്മാണം മഹാനായിരുന്ന ഹെരോദാവ് നടത്തിയത് ബി. സി., 19 ലാണ്,[1] അതു സൂചിപ്പിക്കുന്നത് യേശുവിന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ, അതായത് ഏ. ഡി. 27-ൽ - ആയിരിക്കണം യോഹന്നാൻ പറഞ്ഞ ശുദ്ധീകരണം നടന്നത്.

**വാക്യം 12. യേശു ദൈവാലയത്തിൽ ചെന്നു.** മശിഹ വരുമ്പോൾ, ദൈവാലയത്തിൽ ചെല്ലുന്ന സമയത്തെ കുറിച്ച് മലാഖി പ്രവചിച്ചിരുന്നു, "അവൻ

ഊതിക്കഴിക്കുന്നവന്റെ തീ പോലെയും വെള്ളി ശുദ്ധി വരുത്തുന്നവനെ പോലെ," "അവൻ ലേവി പുത്രന്മാരെ നിർമ്മലീകരിക്കും," അങ്ങനെ അവർ നീതിയിൽ യഹോവക്ക് പ്രസാദമുള്ള യാഗം അർപ്പിക്കും (മലാ. 3:1–4). അത് യെഹെസ്ക്കേൽ. 40–48 ലേയും സെഖര്യാവ് 6:12, 13 ലേയും ദർശനങ്ങളുടെ അടിസ്ഥാനത്തിൽ യെഹൂദന്മാർ പ്രതീക്ഷിച്ചിരുന്നതുമായി യോജിക്കുന്നു. മശിഹ ദൈവാലയത്തെ ശുദ്ധീകരിച്ച് നവീകരിക്കുമെന്ന് യെഹൂദന്മാർ വിശ്വസിച്ചിരുന്നു. ബി. സി. 167–ൽ അന്യദേവനെ നമസ്ക്കരിച്ചിരുന്ന ആന്റിയോക്കസ് എപിഫാനസ് ദൈവാലയത്തെ അശുദ്ധമാക്കിയതിൽനിന്നും, ബി. സി. 63–ൽ പോംപെ അശുദ്ധമാക്കിയതിൽനിന്നും, ദൈവത്തിന്റെ സ്വന്ത ജനം തെറ്റായ ആരാധന നടത്തിയതിൽനിന്നും ആയിരുന്നു ശുദ്ധീകരണം ആവശ്യമായത്.[2]

സ്വീഡെപിഗ്രാഫാ എഴുത്തുകളിലും ശുദ്ധീകരണ ആശയം കാണാം: "നോക്കുക, കർത്താവേ, ദാവീദിന്റെ പുത്രനായ രാജാവിനെ അവർക്കായി എഴുന്നേൽപിച്ച്, നിന്റെ ദാസനായ യിസ്രായേലിനെ, നീ അറിയുന്ന സമയത്ത് വാഴുമാറാക്കേണമേ, ദൈവമേ ... അവൻ യെരുശലേമിനെ വെടിപ്പാക്കി (അതിനെ) വിശുദ്ധമാക്കി, ആരംഭത്തിലായിരുന്നതുപോലെ ആക്കും."[3] ദൈവാലയത്തിന്മേലുള്ള തന്റെ അധികാരത്തെ, മുൻപ് മത്തായിയിൽ യേശു വ്യക്തമാക്കിയിരുന്നു (12:6 ന്റെ പരാമർശം നോക്കുക). ഭാവിയിൽ സംഭവിക്കുവാനിരിക്കുന്ന നാശത്തിന്റെ ആലങ്കാരിക മുന്നറിയിപ്പായിരുന്നു ശുദ്ധീകരണം (24:1, 2). പെട്ടെന്ന് യേശു ഒരു പുതിയ "മന്ദിരം" പണിയും, അതാണ് സഭ, അതിൽ നിർമ്മലമായ യാഗം അർപ്പിക്കും (റോമർ. 12:1, 2; 1 കൊ. 3:16, 17; എബ്രാ. 13:15).

"ദൈവാലയം" എന്ന വാക്കിന്, (*നാവോസ്*) എന്നുപയോഗിക്കാതെ (*ഹിയെറോൺ*) ഉപയോഗിച്ചത് സൂചിപ്പിക്കുന്നത്, ശുദ്ധീകരണം നടന്നത് പുറത്തുള്ള പ്രാകാരത്തിലാണ് എന്നത്രെ. അതിനെ "ജാതികളുടെ പ്രാകാരം" എന്നാണ് വിളിച്ചിരുന്നത്, കാരണം അവിടെ യെഹൂദന്മാർക്കും ജാതികൾക്കും പ്രവേശിക്കാമായിരുന്നു. വ്യാപാരികൾ തങ്ങളുടെ കച്ചവടം നടത്തിയിരുന്നത് അവിടെയായിരുന്നു. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന ക്ഷേത്രങ്ങളിൽ വിഗ്രഹം വെച്ചിരുന്ന സ്ഥാനമായിരുന്നു *നാവോസ്*. യെഹൂദ ദൈവാലയത്തിൽ അതു വിശുദ്ധ സ്ഥലമായിരുന്നു.

യേശു ജാതികളുടെ പ്രാകാരത്തിൽ പ്രവേശിച്ചപ്പോൾ, **അവിടെ വാങ്ങുന്നവരെയും വിൽക്കുന്നവരേയും അവൻ പുറത്താക്കി**. അവിടെ പ്രത്യേകമായി ആടുമാടുകളെ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നതായി യോഹന്നാന്റെ വിവരണത്തിൽ പറയുന്നു (യോഹ. 2:15). ദൈവാലയത്തിൽനിന്നും വളരെ ദൂരത്തിൽ താമസിച്ചിരുന്ന യെഹൂദന് അവന്റെ കന്നു കാലികളിൽ നിന്നും കൊണ്ടുവരാതെ, പരിസരത്തുനിന്നു മൃഗത്തെ വാങ്ങി യാഗം കഴിക്കുവാൻ ന്യായപ്രമാണം അനുവദിച്ചിരുന്നു (ആവ. 14:24–26).

യേശു ആ പരിശീലനത്തെയല്ല എതിർത്തത്, പിന്നെയോ ആ പരിസരത്ത് ദുർവ്വിനിയോഗം നടത്തിയതിനെയാണ്. ഒരു പ്രശ്നം സ്ഥലമായിരുന്നു; വിശുദ്ധമായ ദൈവാലയ പ്രാകാരത്തിൽ കച്ചവടം നടത്തുന്നതിനെയാണ് അവൻ എതിർത്തത്. മറ്റൊരു പ്രശ്നം അന്യായമായിരുന്നു. വ്യാപാരികൾക്ക് കച്ചവടം നടത്തുവാൻ സ്ഥലം അനുവദിച്ച് മഹാപുരോഹിതന്മാർ ലാഭമുണ്ടാക്കിയിരുന്നു. വ്യാപാരികൾ കൂടുതൽ ലാഭത്തിനായി അവ ആവശ്യമുള്ളവർക്ക്

വിറ്റിരുന്നു. കൂടാതെ, തങ്ങൾക്ക് ലാഭം കിട്ടുന്നവരുടെ പക്കൽനിന്നു വാങ്ങുന്ന മൃഗങ്ങളെ മാത്രമെ മഹാപുരോഹിതന്മാർ സ്വീകരിച്ചിരുന്നുള്ളു, അല്ലാത്ത മൃഗങ്ങളെ അവർ നിരസിച്ചിരുന്നു.[4]

വിൽക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കിയതിനു പുറമേ, യേശു **പൊൻവാണിഭക്കാരുടെ മേശകളെ മറിച്ചിട്ടു**. മിഷ്നാ പറയുന്നതനുസരിച്ച് "പൊൻവാണിഭക്കാർ" പെസഹാ ആരംഭിക്കുന്ന നിസാൻ മാസത്തിനു മുൻപ് ആദാർ മാസം 25 ന് തന്നെ കച്ചവടക്കാർ തങ്ങളുടെ മേശകൾ കൊണ്ടു വെച്ച് സ്ഥലം ഉറപ്പാക്കും.[5] അതു പ്രാഥമികമായും, ദൈവാലയ നികുതി കൊടുക്കുന്നതിനും (17:24 ന്റെ പരാമർശം നോക്കുക) യാഗത്തിനാവശ്യമായ മൃഗങ്ങളും മറ്റു സാധനങ്ങളും (വീഞ്ഞ്, എണ്ണ, ധാന്യപ്പൊടി) വാങ്ങുന്നതിനും ആയിരുന്നു.[6] റോമാ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു വ്യത്യസ്ത നാണയങ്ങളുമായി വരുന്ന ആളുകൾ സ്ഥിരനിലവാരമുള്ള നാണയമാക്കി മാറ്റിയാണ് അവിടെ ഉപയോഗിച്ചിരുന്നത്.

യെഹൂദന്മാർക്ക് ഇടർച്ചയായ അന്യദേവന്റെ രൂപവും രാജാവിന്റെ പ്രതിമയും കൊത്തിയ നാണയങ്ങളാണ് പലരും വിദേശത്ത് നിന്നു കൊണ്ടു വന്നിരുന്നത്, അതുകൊണ്ട് അവയെല്ലാം മാറ്റേണ്ടിയിരുന്നു എന്നാണ് ചിലർ കരുതുന്നത് (പുറ. 20:4; ആവ. 4:16–18; 5:8). നാണയങ്ങൾ വാസ്തവത്തിൽ സോർ നാണയത്തിലേക്കാണ് മാറ്റിയിരുന്നതെന്ന് പുരാതന ഉറവിടങ്ങൾ സൂചിപ്പിക്കുന്നു.[7] സ്പഷ്ടമായും, സോർ നാണയം ആയിരുന്നു എബ്രായ നാണയത്തോട് തുല്യമായിരുന്നത്. സോർ നിവാസികൾ വ്യാപാരികളായിരുന്നു, അവരുടെ നാണയങ്ങൾ ശരിയായ വെള്ളിയോടും സ്വർണ്ണത്തോടും തൂക്കമുള്ളതുമായിരുന്നു.[8] സോർ ശേക്കേലിന്റെ (അല്ലെങ്കിൽ ദ്വിദ്രഹ്മ പണം) ഒരുവശത്ത് ഫൊയ്നിക്യ ദേവൻ മെൽക്കാർട്ടിന്റെ ചിത്രവും മറുവശത്ത് പരുന്തിന്റെ ചിത്രവും കൊത്തിയിരുന്നു. സോരിലെ നാണയം നിർത്തിയശേഷം റോമാക്കാർ ആ നാണയം യിസ്രായേലിൽ അടിക്കുവാൻ അനുവദിച്ചിരുന്നു. എങ്ങനെയായാലും, നാണയത്തിലെ രൂപം നിലനിർത്തുവാൻ പറഞ്ഞത്, ഒരുപക്ഷെ അവർക്ക് സ്വതന്ത്രഭരണം അനുവദിച്ചു എന്നു വരാതിരിക്കുവാനായിരിക്കാം. എഡി 66–ൽ യെഹൂദ വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതു വരെ സോർ ശേക്കേൽ ഉപയോഗിച്ചിരുന്നു.

നാണയ വിനിമയത്തെ കർത്താവ് വിമർശിച്ചിരുന്നില്ല. എങ്ങനെയായാലും, ദൈവാലയ പ്രാകാരത്തിൽ അതു ചെയ്യുന്നതിനോട് അവനു യോജിക്കുവാൻ കഴിഞ്ഞില്ല. സേവനത്തിനു അമിത ചാർജ്ജ് ഈടാക്കുന്നതും അവൻ എതിർത്തു. യാഗത്തിനുവേണ്ടിയുള്ള മൃഗങ്ങളെ വിൽക്കുന്നതു പോലെ, മഹാപുരോഹിതന്മാർ ദൈവാലയത്തിൽ നാണയം വിനിമയം നടത്തുവാനും അനുവദിച്ചിരുന്നു.

**പ്രാവുകളെ വിൽക്കുന്നവരുടെ മേശകളും** യേശു മറിച്ചിട്ടു. വകയില്ലാത്തവർക്ക് ആടിനു പകരമായി കുറുപ്രാവിനേയോ പ്രാവിൻകുഞ്ഞിനേയോ വാങ്ങാമായിരുന്നു (ലേവ്യ. 5:7; 12:6, 8; 15:14, 29). തന്റെ ശുദ്ധീകരണ സമയത്ത്, യേശുവിന്റെ അമ്മ മറിയ ഇത്തരത്തിലുള്ള യാഗം അർപ്പിച്ചിരുന്നു (ലൂക്കൊ 2:24). ചിലപ്പോൾ ആളുകളെ വഞ്ചിക്കുന്ന ഒരു രീതിയിൽ പ്രാവുകൾക്ക് വിലയീടാക്കിയിരുന്നതായി മിഷ്നാ സൂചിപ്പിക്കുന്നു.[9] യേശു ആ കച്ചവടക്കാരെ "കൊള്ളക്കാർ" എന്നു വിളിച്ചതിൽ അതിശയിക്കുവാനില്ല (21:13)!

മർക്കൊസ് 11:16 അനുസരിച്ച് യേശു "ആരും യാതൊന്നും ദൈവാലയ

ത്തിൽ കൂടി ചുമന്നുകൊണ്ടു പോകുവാൻ അനുവദിച്ചിരുന്നില്ല." ആ നിരോധനം മിഷ്നായിൽ എഴുതിയിരിക്കുന്നതുമായി യോജിക്കുന്നതാണ്: "ഒരാൾ എളുപ്പ വഴിക്കായി [ദൈവാലയത്തിൽകൂടെ] കയററുത്."[10]

**വാക്യം 13.** യേശു കച്ചവടക്കാരേയും പൊൻ വാണിഭക്കാരേയും പുറത്താക്കിയപ്പോൾ, അവൻ ദൈവാലയത്തിന്റെ ശരിയായ ഉദ്ദേശത്തെ ഉദ്ധരിച്ചു: **"എന്റെ ആലയം, 'പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും' "** (യെശ. 56:7). യേശുവിന്റെ ആ വിമർശനം നോക്കുമ്പോൾ ഡൊണാൾഡ് എ. ഹാഗ്നറുടെ നിരീക്ഷണം പഴയനിയമ പ്രവാചകന്മാരുടേതുമായി യോജിക്കുന്നതാണ്: ദൈവവുമായി ശരിയായ കൂട്ടായ്മയുടെ ലക്ഷ്യത്തെ കാണിക്കുന്നതായിരുന്നു ദൈവാലയത്തിലെ ചടങ്ങുകൾ (യിരെ. 7:21-23; ആമോ. 5:21-24; മീഖാ. 6:6-8).[11] യെശയ്യാവ് 56:7 ലെ ഉദ്ധരണി മർക്കൊസ് 11:17-ൽ തുടരുകയും "സകല ജാതികൾക്കും" എന്ന് ചേർക്കുകയും ചെയ്തിരിക്കുന്നു. മത്തായിയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ജാതികളുടെ പ്രാകാരത്തെ അവർ കച്ചവട സ്ഥലമാക്കിയതിനാൽ ആ പ്രയോഗത്തിനു പ്രാധാന്യമുണ്ട്. ആത്മാർത്ഥതയുള്ള ജാതികൾക്ക് ദൈവത്തെ ആരാധിക്കുന്നതിനു അസഹ്യപ്പെടുത്തുന്ന പ്രവൃത്തിയായിരുന്നു യെഹൂദന്മാരുടെ കച്ചവടം. ജാതികൾക്ക് ദൈവാലയത്തിന്റെ വിശുദ്ധ സ്ഥലങ്ങളിൽ പ്രവേശിക്കുവാൻ അനുവാദമില്ലായിരുന്നു.[12]

യേശു പിന്നെ പറഞ്ഞു, **"എന്നാൽ നിങ്ങൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കി."** ആ ഭാഷ യിരെമ്യാവ് 7:11-ൽ നിന്നും എടുത്തതാണ്: " 'എന്റെ നാമം വിളിച്ചിരിക്കുന്ന ഈ ആലയം കള്ളന്മാരുടെ ഗുഹ എന്നു നിങ്ങൾക്കു തോന്നുന്നുവോ?' എനിക്കും അതു അങ്ങിനെ തന്നേ തോന്നുന്നു എന്നു യഹോവയുടെ അരുളപ്പാട്." ഈ സന്ദർഭത്തിൽ, യെഹൂദാ ജനം, അവരുടെ മദ്ധ്യത്തിൽ ഉണ്ടായിരുന്ന ആലയത്തിൽ ആശ്രയിച്ചിരുന്നു, എന്നാൽ അവരുടെ മുമ്പാകെ വിശ്വാസത്തോടുകൂടിയ വിശുദ്ധ ജീവിതം നയിച്ചിരുന്നില്ല. അവർ ഗുഹയിൽ ഒളിച്ചിരിക്കുന്ന കള്ളന്മാരെപോലെ, തങ്ങളുടെ പാപങ്ങൾക്ക് ശിക്ഷ ലഭിക്കുകയില്ലാ എന്നു കരുതുന്നു. യേശു ആ ഭാഷ അന്നത്തെ ആലയത്തിൽ പ്രായോഗികമാക്കി. മൈക്കിൾ ജെ. വിൽക്കിൻസ് എഴുതി,

> കള്ളന്മാർ തങ്ങളുടെ ഗുഹയിൽ എങ്ങിനെയായിരുന്നുവോ, അതുപോലെയായിരുന്നു ദൈവാലയത്തിൽ മതാദ്ധ്യക്ഷന്മാർ - നിയമ രഹിതമായി സ്വത്ത് സമ്പാദിക്കുന്നതിനും ഭാവിയിലെ അവിഹിത പ്രവൃത്തികൾക്കും ആലോചന നടത്തുവാനായി അതിനെ ഉപയോഗിച്ചു. പാലസ്തീനിലെ ഗുഹകൾ അന്ന് കള്ളന്മാരുടെ ഗുഹയാക്കി തീർത്തിരുന്നു. അങ്ങനെ ആ രൂപകാലങ്കാരം യേശു തന്റെ വായനക്കാർക്ക് വ്യക്തമാക്കി.[13]

യേശുവിന്റെ പ്രവൃത്തികൾ - മേശകളേയും കസേരകളേയും മറിച്ചിടുന്നതും, കച്ചവടക്കാരെ ദൈവാലയത്തിൽനിന്നും പുറത്താക്കുന്നതും - റോമൻ സംഘത്തിനോ ദൈവാലയ കാവൽക്കാരായ യെഹൂദന്മാർക്കോ ഉടനെ പ്രതികരിക്കുവാൻ കഴിഞ്ഞില്ല (പ്രവൃ. 21:27-36). ജനത്തിനിടയിൽ അവനുണ്ടായിരുന്ന മതിപ്പുകാരണം യെഹൂദാധികാരികൾക്ക് അവനെതിരെ ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. എങ്ങനെയായാലും, അവർ "അവനെ നശിപ്പിക്കുവാൻ" മാർഗ്ഗം തിരയുവാൻ തുടങ്ങി (മർ. 11:18). കച്ചവടക്കാരും പൊൻവാണിഭക്കാരും ദൈവാലയത്തിന്റെ തെക്കുവശത്തുള്ള രാജകീയ ഗോപു

രത്തിങ്കലായിരുന്നതുകൊണ്ട്, വടക്കുവശത്തുള്ള അന്റോണിയ കോട്ടയിലായിരുന്ന റോമാ പടയാളികൾക്ക് പുരുഷാരം നിമിത്തം അവിടെ സംഭവിച്ചത് കാണുവാൻ കഴിയുമായിരുന്നില്ല.

## യെരുശലേമിലെ അവസാനത്തെ അത്ഭുത സൗഖ്യം (21:14-17)

**[14]കുരുടന്മാരും മുടന്തന്മാരും ദൈവാലയത്തിൽ അവന്റെ അടുക്കൽ വന്നു; അവൻ അവരെ സൗഖ്യമാക്കി. [15]എന്നാൽ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവൻ ചെയ്ത അത്ഭുതങ്ങളെയും "ദാവീദു പുത്രന്നു ഹോശന്നാ" എന്നു ദൈവാലയത്തിൽ ആർക്കുന്ന ബാലന്മാരേയും കണ്ടിട്ടു നീരസപ്പെട്ടു: [16]"ഇവർ പറയുന്നതു കേൾക്കുന്നുവോ?" എന്നു അവനോടു ചോദിച്ചു. യേശു അവരോട്: "ഉവ്വ്: 'ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു നീ പുകഴ്ച ഒരുക്കിയിരിക്കുന്നു എന്നുള്ളതു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ?' " എന്നു ചോദിച്ചു. [17]പിന്നെ അവരെ വിട്ടു നഗരത്തിൽ നിന്നു പുറപ്പെട്ടു ബെഥാന്യയിൽ ചെന്നു അവിടെ രാത്രി പാർത്തു.**

**വാക്യം 14.** യേശു ചിലരെ നിർബന്ധിച്ചു **ദേവാലയത്തിൽ** നിന്നു പുറത്താക്കിയപ്പോൾ, അവൻ **തന്റെ അടുക്കലേക്ക്** വന്ന രോഗികളെയെല്ലാം **സൗഖ്യമാക്കുകയും** ദൈവാലയത്തിലേക്ക് സ്വീകരിക്കുകയും ചെയ്തു. വേദഭാഗം പ്രത്യേകമായി പറയുന്നത് വന്നവർ **കുരുടരും മുടന്തരും** ആയിരുന്നു എന്നാണ് (11:5; 15:30, 31). ലേവ്യാ പുസ്തകം 21:17, 18 അനുസരിച്ച്, അഹരോന്റെ പിൻഗാമികളായ കുരുടർക്കും മുടന്തർക്കും യാഗപീഠത്തിൽ ശുശ്രൂഷ ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല. അതിലുപരിയായി, പെരുന്നാൾ സമയത്ത് കുരുടർക്കും മുടന്തർക്കും ദൈവമുമ്പാകെ വന്ന് വഴിപാടുകൾ അർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല.[14] അവർക്ക് വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ അനുവാദമില്ലാതെ ജാതികളുടെ പ്രാകാരത്തിൽ പ്രവേശിക്കുവാൻ മാത്രമേ കഴിഞ്ഞിരിക്കയുള്ളു (2 ശമു. 5:8; LXX).[15] യേശു അവർക്ക് പ്രവേശനം ഭൗതികമായി അനുവദിച്ചതിനാൽ, അവർക്ക് ദൈവത്തോടുള്ള ബന്ധം ശരിയായി എന്ന് വ്യക്തമാകുന്നു. മുൻ വാക്യങ്ങളിലേതുപോലെ, ദൈവാലയത്തിൽ വന്നവർ ദൈവത്തെ ആരാധിക്കുവാൻ അടുത്തുവരണമെന്നു അവൻ ആഗ്രഹിച്ചു. തന്റെ ക്രൂശീകരണത്തിനു മുമ്പ് യെരുശലേമിൽ അവൻ ചെയ്ത അവസാനത്തെ അത്ഭുതങ്ങളായിരുന്നു അവ.

**വാക്യം 15.** യെഹൂദാദ്ധ്യക്ഷന്മാരായ **മഹാ പുരോഹിതന്മാരും ശാസ്ത്രിമാരും** ഈ സമയം മുതൽ മത്തായിയുടെ പുസ്തകത്തിൽ മുഖ്യമായും വരുന്നു (2:4 ന്റെ പരാമർശം നോക്കുക). അവർ മുമ്പ് തന്നെ യേശുവിനോട് ക്രുദ്ധിച്ചിരുന്നു; അവനിൽ കൂടുതൽ **കുറ്റം** കണ്ടെത്തുവാനായിരുന്നു അവരുടെ ശ്രമം. അവൻ ദൈവാലയത്തെ ശുദ്ധീകരിച്ചതുകൊണ്ടായിരുന്നു അവർ കോപിച്ചത് (മർ. 11:18). എന്നാൽ യേശു ചെയ്ത **അത്ഭുതകരമായ കാര്യങ്ങൾ** അവർ കണ്ടു. സൗഖ്യമാക്കലിൽ ആവേശമുൾക്കൊള്ളുന്നതിനു പകരം അവർ കൂടുതൽ കോപം ജ്വലിക്കുന്നവരായി. ഈ സമയമായപ്പോഴേക്കും യേശുവിനെ പട്ടണത്തിലേക്ക് അനുഗമിച്ചവരുടെ നിലവിളി അവിടെയുണ്ടായിരുന്ന കുട്ടികൾ ഏറ്റെടുത്തു: "**ദാവീദ് പുത്രന്നു ഹോശന്നാ**" (21:9).

**വാക്യം 16**. യെഹൂദ മതാദ്ധ്യക്ഷന്മാർ യേശുവിനെ ശാസിക്കുകയും, ഫലത്തിൽ, **കുട്ടികളെ** നിശബ്ദരാക്കുവാൻ അവനോട് ആവശ്യപ്പെടുകയുമായിരുന്നു. ദൈവാലയത്തെ ചന്തസ്ഥലമാക്കിയതിൽ അവർക്ക് ഒരു പരാതിയുമില്ലാതിരിക്കെ, കുട്ടികൾ അവനെ പുകഴ്ത്തിയത് അസഹനീയമായത് വൈപരീത്യം തന്നെയാണ്.[16] ഒരു ഗുരുവായ യേശുവിനെ "ദാവീദ് പുത്രൻ" എന്ന പേർ വിളിക്കുന്നത് അവർക്ക് സ്വീകാര്യമായിരുന്നില്ല. ക്രെയിഗ് എസ്. കീനർ പറഞ്ഞത്, ആ അദ്ധ്യക്ഷന്മാർക്ക് യേശു "ബഹുമാനമെല്ലാം ഏറ്റുവാങ്ങുന്ന മറ്റൊരു കരിസ്മാറ്റിക് നായകനായി മാറുന്നത് തങ്ങളുടെ നിയന്ത്രണത്തിനപ്പുറമാകുന്നു"[17] എന്നാണ്. എങ്ങനെയായാലും, അവർ ഇതിനെ അതിനേക്കാളധികമായി കണ്ടിരിക്കണം. യേശുവിന്റെ ദൈവികത്വത്തെ എതിരിട്ട അദ്ധ്യക്ഷന്മാർ ഇപ്പോൾ അവർ അവനെ തള്ളിക്കളയുവാൻ ആരംഭിച്ചിരിക്കുന്നു.

അവരോട് എതിർവാദം നടത്തുന്നതിനുപകരം, യേശു സങ്കീർത്തനങ്ങൾ 8:2 ഉദ്ധരിച്ചു: '' **'ശിശുക്കളുടേയും മുലകുടിക്കുന്നവരുടേയും വായിൽനിന്നു നീ പുകഴ്ച്ച ഒരുക്കിയിരിക്കുന്നു എന്നു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ'?"** "നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ ... ?" എന്ന ചോദ്യം യേശുവിന്റെ പ്രത്യേക ശൈലി ആയിരുന്നു (12:3 ന്റെ പരാമർശം നോക്കുക). "ശിശുക്കൾ" (*നെപിയോസ്* എന്നതിൽനിന്നാണ്), "പോറ്റുന്ന കുട്ടികൾ" (*തെലാസോ*യിൽ നിന്നും) എന്നു പറയുന്നത് മൂന്നു വയസിൽ താഴെയുള്ള കുട്ടികൾ എന്നാണ് അർത്ഥം, ആ പ്രായത്തിൽ സാധാരണ യെഹൂദ കുട്ടികളുടെ മുലകുടി മാറ്റും.[18] സങ്കീർത്തനങ്ങളിൽ പറഞ്ഞിരിക്കുന്ന കുട്ടികളേക്കാൾ പ്രായമുള്ള കുട്ടികളായിരുന്നു യേശുവിനെ പുകഴ്ത്തിക്കൊണ്ടിരുന്ന കുട്ടികൾ. ശിശുക്കൾ പോലും, പ്രവചനമനുസരിച്ച് തന്നെ പുകഴ്ത്തുമ്പോൾ, അവരേക്കാൾ പ്രായമുള്ള കുട്ടികൾ തന്നെ പുകഴ്ത്തുന്നത് തടയുന്നത് എന്തിനാണെന്നായിരുന്നു അവന്റെ പോയിന്റ്. മുൻപ്, ദൈവത്തിൽ ആശ്രയിക്കുന്നതിന്റെ ചിത്രീകരണമായി യേശു കുട്ടികളെ ഉപയോഗിച്ചിരുന്നു (18:1-4; 19:13-15).

**വാക്യം 17**. യേശു യെഹൂദ അദ്ധ്യക്ഷന്മാരെ ദൈവാലയത്തിൽ **വിട്ടിട്ട്** നഗരത്തിൽ നിന്നു പോയി. അവൻ **ബേഥാന്യയിൽ ചെന്നു രാത്രി അവിടെ പാർത്തു** (21:1 ന്റെ പരാമർശം നോക്കുക). അവൻ ആദ്യം ബേഥാന്യയിൽ എത്തുകയും (യോഹ. 12:1), പെസഹയിൽ അവൻ അവിടേക്ക് മടങ്ങി വരികയും ചെയ്തു. അവൻ അവിടെ ലാസറിന്റേയും, മാർത്തയുടേയും, മറിയയുടേയും വീട്ടിലായിരിക്കാം താമസിച്ചത്. ആ സമയത്ത് യെരുശലേം ലോകത്തെങ്ങുമുള്ള തീർത്ഥാടകരെ കൊണ്ട് നിറഞ്ഞിരിക്കും. ബേഥാന്യ യെരുശലേമിനടുത്ത് ആയിരുന്നതിനാൽ, യേശുവിനും ശിഷ്യന്മാർക്കും രാവിലെ യെരുശലേമിലേക്ക് പോയി വൈകുന്നേരം തിരിച്ചുവാനും കഴിയുന്ന ദൂരമേ ഉണ്ടായിരുന്നുള്ളു. എങ്ങനെയായാലും, ആ സ്ഥലം യേശുവിന് യെഹൂദ അദ്ധ്യക്ഷന്മാരിൽനിന്നു സംരക്ഷണം നൽകുന്നതുമായിരുന്നു.

## അത്തി വൃക്ഷത്തെ ശപിക്കൽ[19]
## (21:18-22)

**[18]രാവിലെ അവൻ നഗരത്തിലേക്ക് മടങ്ങിപ്പോകുന്ന സമയം വിശന്നിട്ട് വഴിയരികെ ഒരു അത്തിവൃക്ഷം കണ്ടു. [19]അടുക്കെ ചെന്നു ഇല അല്ലാതെ ഒന്നും കാണായ്കയാൽ, "ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോ**

**കട്ടെ എന്നു അതിനോട് പറഞ്ഞു." ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോയി.**
**[20]ശിഷ്യന്മാർ അത് കണ്ടാറെ; "അത്തി ഇത്ര ക്ഷണത്തിൽ ഉണങ്ങിപ്പോ
യത് എങ്ങനെ എന്നു പറഞ്ഞു ആശ്ചര്യപ്പെട്ടു." [21]"നിങ്ങൾ സംശയിക്കാതെ
വിശ്വാസം ഉള്ളവരായാൽ, ഈ അത്തിയോട് ചെയ്തത് നിങ്ങളും ചെയ്യും;
എന്നു മാത്രമല്ല ഈ മലയോട് നീങ്ങി കടലിലേക്ക് ചാടിപോക എന്നു പ
റഞ്ഞാൽ അതും സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പ
റയുന്നു. [22]നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും
നിങ്ങൾക്ക് ലഭിക്കും" എന്നു ഉത്തരം പറഞ്ഞു.**

**വാക്യം 18.** കഷ്ടാനുഭവാഴ്ച്ചയുടെ ദിവസങ്ങളെ കുറിച്ച് മത്തായിയുടേയും മർക്കൊസിന്റേയും വിവരണങ്ങൾ തമ്മിൽ താരതമ്മ്യം ചെയ്യുമ്പോൾ ആദ്യം, വൈപരീത്യമുള്ളതായി തോന്നാം; എന്നാൽ സുവിശേഷ എഴുത്തുകാർ വ്യത്യസ്തമായ സമീപനമാണ് സ്വീകരിച്ചതെന്ന് തിരിച്ചറിയുമ്പോൾ, ആ തോന്നൽ ഇല്ലാതാകും. മർക്കൊസ് കാലനിർണ്ണയ സമീപനമാണ് സ്വീകരിച്ചത്. അവൻ എഴുതിയത്, അത്തിയെ ശപിച്ച സംഭവത്തിന്റെ ആദ്യഭാഗം തിങ്കളാഴ്ച്ചയും അടുത്ത ഭാഗം ചൊവ്വാഴ്ച്ചയുമാണ് സംഭവിച്ചതായി പറയുന്നത്. ആ രണ്ടു ഭാഗങ്ങൾക്കുമിടക്ക് തിങ്കളാഴ്ച്ചയാണ് ദൈവാലയ ശുദ്ധീകരണം സംഭവിച്ചത് (മർ. 11:1, 12, 19, 20). അതിൽനിന്നു വ്യത്യസ്തമായി മത്തായി സ്വീകരിച്ചത് വിഷയസംബന്ധമായ സമീപനമെടുത്ത് അത്തിയെ ശപിച്ച സംഭവം ഒരുമിച്ച് പ്രതിപാദിച്ചു. മർക്കൊസിന്റെ വിവരം അനുസരിച്ച്, മത്തായി 21:18, 19-ൽ വിവരിച്ചത് സംഭവിച്ചത് തിങ്കളാഴ്ച്ചയും 21:20-22 ലേത് സംഭവിച്ചത് ചൊവ്വാഴ്ച്ചയിലും ആണ്.[20]

യേശു ബേഥാന്യ വിട്ട് (21:17) ശിഷ്യന്മാരുമായി യെരുശലേമിലേക്ക് വീണ്ടും പോയപ്പോൾ **അവന്നു വിശന്നു**. ആ പ്രസ്താവന കർത്താവിന്റെ മനുഷ്യത്വത്തെ ഊന്നി പറയുന്നതാണ്. അവന്നു ദാഹവും ക്ഷീണവും ഉണ്ടായിരുന്നതായി മറ്റു വേദഭാഗങ്ങൾ പറയുന്നു (യോഹ. 4:6, 7; 19:28). ആ സംഭവം **രാവിലെയാണ്** നടന്നത്. അത് ബേത്ഫാഗയിൽ വെച്ചായിരിക്കാം സംഭവിച്ചത് (21:1). യേശു പ്രഭാത ഭക്ഷണം കഴിച്ചോ എന്നു വേദഭാഗം പറയുന്നില്ല.

**വാക്യം 19.** അവർ യാത്ര ചെയ്തപ്പോൾ യേശു വഴിയരികിൽ **ഒരു അത്തി വൃക്ഷം കണ്ടു**. അവൻ അതിന്റെ അടുത്തെത്തിയപ്പോൾ, അതിൽ അവൻ **ഇലയല്ലാതെ മറ്റൊന്നും കണ്ടില്ല**. മാർച്ചു മാസത്തിൽ ഇലകൾ മാത്രമുള്ള അത്തിവൃക്ഷത്തെ അറബികൾ, വിളിക്കുന്നത് *താക്ഷ്* എന്നാണ്. അവയുടെ ഫലം ശേഖരിച്ച് വിൽക്കുക പതിവായിരുന്നു. എങ്ങനെയായാലും, അതിന്റെ വിളവെടുപ്പ് മാർച്ച് അവസാനം ആകുമായിരുന്നു. അതുകൊണ്ടാണ്, യേശു ആ വൃക്ഷത്തിൽ നിന്ന് ഫലം പ്രതീക്ഷിച്ചത്, എന്നാൽ സാങ്കേതികമായി "അത്തി ഫലം പുറപ്പെടുവിക്കുന്ന സമയമല്ലായിരുന്നു" (മർ. 11:13). ആർ. കെ. ഹാരിസൺ പറഞ്ഞു, "വസന്തകാലത്തിൽ ഇല തളിർത്തുവരുമ്പോൾ, ഫലം പുറപ്പെടുവിക്കുന്ന അത്തിയിൽ ചില *താക്ഷ്* കാണുവാൻ കഴിയും ... എന്നാൽ അത്തിയിൽ ഇലയല്ലാതെ മറ്റൊന്നുമില്ലെങ്കിൽ, അത് ഫലം പുറപ്പെടുവിക്കുന്ന കാലത്ത് മുഴുവനും മച്ചിയായി നിൽക്കും."[21]

വൃക്ഷത്തിൽ ഫലമൊന്നും കാണായ്കയാൽ, യേശു പറഞ്ഞു, **"നിന്നിൽ ഇനി ഒരിക്കലും ഫലം ഉണ്ടാകാതെ പോകട്ടെ."** മർക്കൊസ് 11:14-ൽ, അവൻ പറഞ്ഞു; "ഇനി നിങ്കൽ നിന്നു എന്നേക്കുമായി ആരും ഫലം തിന്നാതിരിക്കട്ടെ!"

**ഉടനെ അത്തി ഉണങ്ങിപ്പോയി** എന്നു പറഞ്ഞ യേശുവിന്റെ ശക്തമായ വാക്കുകൾ മത്തായി ഊന്നി പറഞ്ഞിരിക്കുന്നു. ആ അത്തിവൃക്ഷത്തിൽ, ഇലയല്ലാതെ മറ്റൊന്നുമില്ലായിരുന്നു എന്നത്, ഫലം ദൈവത്തിനു പുറപ്പെടുവിക്കാത്ത അനേകം യെഹൂദന്മാരെ ആലങ്കാരികമായി പറയുന്നതാകാം (മീഖാ. 7:1, 2; മത്താ. 7:19). അവർ യോഹന്നാൻ സ്നാപകന്റേയോ യേശുവിന്റേയോ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടില്ല (3:8, 10; 11:16-24). അവരുടെ ദൈവാലയ ആരാധന വ്യർത്ഥമായിപ്പോയിരുന്നു. അവർ മശിഹയെ തള്ളിക്കളയുകയും അവന്റെ മരണത്തിനായി മുറവിളി കൂട്ടുകയും ചെയ്തു. തൽഫലമായി, യെരുശലേമും ദൈവാലയവും നശിപ്പിക്കപ്പെടും (24:1, 2).

**വാക്യം 20**. അടുത്ത പ്രഭാതത്തിൽ (മർ. 11:20), അവർ യെരുശലേമിലേക്ക് മടങ്ങിവരുമ്പോൾ, **ശിഷ്യന്മാർ** ആ **അത്തി ഉണങ്ങി** [നിൽക്കുന്നതായി] കണ്ടു. അത് സംഭവിക്കുന്നത് അവർ കണ്ടില്ല, എന്നാൽ ഉണങ്ങിയ ശേഷം അതിനെ അവർ കണ്ടു. അവർ ആശ്ചര്യപ്പെടുവാൻ കാരണം, ക്രമേണയായിരുന്നില്ല അത് ഉണങ്ങിയത്, അതിനാൽ സ്വാഭാവികമായി സംഭവിച്ചതല്ല; ഒരു ദിവസം കർത്താവ് അതിനെ ശപിച്ചു, ഉടനെ അത് പൂർണ്ണമായും ഉണങ്ങിപ്പോയി. തലേദിവസത്തെ പ്രവൃത്തി കണ്ട പത്രൊസ് " 'ഗുരോ, നോക്കുക, നീ ശപിച്ച അത്തി ഉണങ്ങിപ്പോയല്ലോ,' എന്ന് അവനോടു പറഞ്ഞു" (മർ. 11:21). ആ അത്ഭുതം ആശ്ചര്യം ഉളവാക്കുന്നതായി പത്രൊസിനു തോന്നി. അവർ എന്തുകൊണ്ട് ആശ്ചര്യപ്പെട്ടു എന്നു ചിലർ സംശയിച്ചേക്കാം, കാരണം അവർ അവന്റെ അത്ഭുതങ്ങൾ കാണുവാൻ തുടങ്ങിയിട്ട് മൂന്നുവർഷത്തിലേറെയായി. ആ സമയത്ത് യെരുശലേമിന്റെ വീഴ്ച്ചയെന്ന സന്ദേശം അവർക്ക് മനസിലാക്കുവാൻ കഴിഞ്ഞില്ല.

**വാക്യം 21**. "എന്തുകൊണ്ട്" എന്ന് പറയാതെ, "എങ്ങനെ" എന്ന് അത്ഭുതത്തെക്കുറിച്ച് വിശദമാക്കി.[22] **സംശയിക്കാതെ** ദൈവത്തിൽ വാസ്തവത്തിലുള്ള **വിശ്വാസം** ഉണ്ടെങ്കിൽ (14:31 നോക്കുക), അവർക്ക് ഇതിലും വലിയ അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയുമെന്നു അവൻ പറഞ്ഞു. അവൻ ഇവിടെ പറഞ്ഞത് അപ്പൊസ്തലന്മാരോട് നേരിട്ടുള്ള വാഗ്ദാനമായിരുന്നു; തന്റെ ശിഷ്യന്മാർ എല്ലാക്കാലത്തും അത്ഭുതം പ്രവൃത്തിക്കും എന്നല്ല യേശു പറഞ്ഞത്.

യേശു അപ്പൊസ്തലന്മാരോട് പറഞ്ഞത്, മലകളോട് നീങ്ങി കടലിൽ പോക എന്നു അവർ പറഞ്ഞാൽ, അങ്ങനെ സംഭവിക്കും എന്നത്രേ. അക്ഷരികമായി ഒരു **മല** അവർ **കടലിലേക്കു** നീക്കിക്കളവാൻ യേശു ആഗ്രഹിച്ചിരുന്നില്ല. പകരം, അവൻ അവിടെ അലങ്കാര പ്രയോഗമാണ് ഉപയോഗിച്ചത്. വളരെ പ്രയാസമുള്ളതിനെ തരണം ചെയ്ത് നേടുന്നതിനെ ദൃഷ്ടാന്തമായി ഉപയോഗിച്ചിരുന്നതാണ് മലയെ നീക്കം ചെയ്യൽ (17:20 ന്റെ പരാമർശം നേക്കുക).

**വാക്യം 22**. യേശു പിന്നെ പറഞ്ഞു, **"നിങ്ങൾ വിശ്വസിച്ചുകൊണ്ട്, പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും."** അത് അപ്പൊസ്തലന്മാർക്ക് യേശു കൊടുത്ത നിർദ്ദേശങ്ങളുടെ ഭാഗമായിരുന്നു.എന്നാൽ പൊതുവായ തത്വം എല്ലാ ശിഷ്യന്മാർക്കും ബാധകമാണ്: ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുമ്പോൾ, ദൈവം അതു കേട്ട് പ്രാർത്ഥനക്ക് മറുപടി നൽകുമെന്നു വിശ്വസിക്കുന്നു (1 പത്രൊ. 3:12 നോക്കുക). യാക്കൊബ് തന്റെ വായനക്കാരെ പ്രബോധിപ്പിച്ചത് "സംശയിക്കാതെ വിശ്വസിച്ച് യാചിക്കുവാനാണ്" (യാക്കൊ. 1:6). അത്തരം പ്രാർത്ഥനകൾ സ്വയ-കേന്ദ്രീകൃതമാകരുത് "[ദൈവേഷ്ട] പ്രകാരം" ആവശ്യങ്ങൾ അപേക്ഷിക്കുവാനാണ് യോഹന്നാൻ ക്രിസ്ത്യാനികളെ

ഉപദേശിച്ചത് (1 യോഹ. 5:14, 15). ദൈവം എല്ലായിപ്പോഴും തന്റെ മക്കളുടെ പ്രാർത്ഥനക്ക് മറുപടി നൽകും, എന്നാൽ അവൻ എല്ലായിപ്പോഴും, "ഉവ്വ്," "ഇല്ല" എന്ന് ആയിരിക്കയില്ല മറുപടി നൽകുന്നത് (2 കൊ. 12:7-9).

## യേശുവിന്റെ അധികാരത്തോടുള്ള വെല്ലുവിളി (21:23-27)

**[23]അവൻ ദൈവാലയത്തിൽ ചെന്നു ഉപദേശിക്കുമ്പോൾ മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അവന്റെ അടുക്കൽ വന്നു: "നീ എന്തു അധികാരം കൊണ്ടു ഇതു ചെയ്യുന്നു? ഈ അധികാരം നിനക്കു തന്നതു ആർ?" എന്നു ചോദിച്ചു. [24]യേശു അവരോടു ഉത്തരം പറഞ്ഞതു: "ഞാനും നിങ്ങളോടു ഒരു വാക്കു ചോദിക്കും; അതു നിങ്ങൾ എന്നോടു പറഞ്ഞാൽ എന്തു അധികാരം കൊണ്ടു ഞാൻ ഇതു ചെയ്യുന്നു എന്നുള്ളതു ഞാനും നിങ്ങളോടു പറയും." [25]"യോഹന്നാൻെറ സ്നാനം എവിടെനിന്നു? സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ?" അവർ തമ്മിൽ ആലോചിച്ചു: "സ്വർഗ്ഗത്തിൽ നിന്നു എന്നു പറഞ്ഞാൽ, പിന്നെ നിങ്ങൾ അവനെ വിശ്വസിക്കാഞ്ഞത് എന്ത് എന്നു അവൻ നമ്മോടു ചോദിക്കും; [26]മനുഷ്യരിൽ നിന്നു എന്നു പറഞ്ഞാലോ, നാം പുരുഷാരത്തെ ഭയപ്പെടുന്നു; എല്ലാവരും യോഹന്നാനെ പ്രവാചകൻ എന്നല്ലോ എണ്ണുന്നത്" എന്നു പറഞ്ഞു. [27]അങ്ങനെ അവർ യേശുവിനോട്: "ഞങ്ങൾക്ക് അറിഞ്ഞുകൂടാ" എന്നു ഉത്തരം പറഞ്ഞു. അവൻ അവരോടു പറഞ്ഞത്: "എന്നാൽ ഞാൻ ഇതു എന്തു അധികാരം കൊണ്ടു ചെയ്യുന്നു എന്നുള്ളതു ഞാനും നിങ്ങളോടു പറയുന്നില്ല."**

**വാക്യം 23.** അവൻ യെരുശലേമിൽ എത്തിയപ്പോൾ, **ദൈവാലയത്തിലേക്ക്** തിരിച്ചു ചെന്നു. കഷ്ടാനുഭവാഴ്ച്ചയിൽ, പെസഹാ ആഘോഷിപ്പാൻ വന്നവരോട് അവൻ പല അവസരങ്ങളിലും ആളുകളെ ഉപദേശിച്ചു. പുറത്തെ ജാതികളുടെ പ്രാകാരത്തിൽ വെച്ചായിരിക്കാം അവൻ ഉപദേശിച്ചത്. അവയിൽ ഒന്നായിരുന്നു ശലോമോന്റെ മണ്ഡപം, അവിടെയായിരുന്നു ആരംഭ സഭ കുറെ നാൾ കൂടി വന്നിരുന്നത് (പ്രവൃ. 3:11; 5:12; യോഹ. 10:23 നോക്കുക).

യെഹൂദ മതാദ്ധ്യക്ഷന്മാർ യോഹന്നാൻ സ്നാപകനെ ചോദ്യം ചെയ്തതുപോലെ (യോഹ. 1:19-28), അവർ യേശുവിനേയും ചോദ്യം ചെയ്തു.[23] അവൻ ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ, അവർ അവനോട്, **"നീ എന്ത് അധികാരം കൊണ്ട് ഇതു ചെയ്യുന്നു? ആരാണ് നിനക്ക് ഈ അധികാരം തന്നത്?"** ആളുകളുടെ ശ്രദ്ധ ആകർഷിക്കുന്ന പല സംഭവങ്ങളും നടന്നിരുന്നു: വിജയ പ്രവേശനം (21:1-11), ദൈവാലയത്തെ ശുദ്ധീകരിച്ചു (21:12, 13), കുരുടരേയും മുടന്തരേയും സൗഖ്യമാക്കി (21:14), ശിശുക്കളുടെ പുകഴ്ച്ചയും സംഭവിച്ചു (21:15-17). ആ സമയത്ത്, യെരുശലേമിലെ മതാധിപന്മാരുടെ സ്ഥിരീകരണം ലഭിച്ചില്ലെങ്കിലും, യേശു ഒരു റബ്ബിയുടെ പ്രവൃത്തിയായിരുന്നു ചെയ്തുകൊണ്ടിരുന്നത്. അവന്റെ അധികാരം പിതാവിൽനിന്നായിരുന്നു വന്നത് (7:28, 29; 9:6; 10:1; 28:18).

**വാക്യം 24.** തന്റെ ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞാൽ, താൻ എന്ത് **അധികാരം** കൊണ്ട് ഇതു ചെയ്യുന്നു എന്നു പറയാം എന്ന് **യേശു** അവരോട് പറഞ്ഞു. ചോദ്യത്തിന് പലപ്പോഴും യേശു ചോദ്യം കൊണ്ടാണ് ഉത്തരം ന

ൽകിയിരുന്നത്. ഡബ്ല്യു. എഫ്. ആൽബ്രൈറ്റും സി. എസ്. മാനും പറഞ്ഞത് "ചോദ്യത്തെ ചോദ്യം കൊണ്ട് നേരിടുന്നത് നമ്മുടെ ഒരു ശൈലിയാണ്, നാം ഉത്തരവാദിത്വത്തിൽനിന്നു ഒഴിഞ്ഞുമാറുവാനാണ് അത്തരം രീതി ഉപയോഗിക്കുന്നത്, എന്നാൽ അത്തരം വാദപ്രതിവാദം യെഹൂദമതാനുസാരികളിലും റബ്ബിമാരിലും, യവനന്മാരിലും, ബി. സി. അഞ്ചാം നൂറ്റാണ്ടിൽ കാണാമായിരുന്നു."[24] ആ അദ്ധ്യക്ഷന്മാർ സത്യസന്ധരായിരുന്നെങ്കിൽ, അവർ യേശുവിന്റെ ചോദ്യത്തിനുള്ള ഉത്തരം (താത്വികവും, വിവേചനാപൂർവ്വവും) ശരിയായി നൽകുമായിരുന്നു.

**വാക്യങ്ങൾ 25, 26. യോഹന്നാൻ സ്നാപകന്റെ സ്നാനം മനുഷ്യരിൽനിന്നോ അതോ സ്വർഗത്തിൽനിന്നോ** എന്നായിരുന്നു യേശു മഹാപുരോഹിതന്മാരോടും മൂപ്പന്മാരോടും ചോദിച്ചത്. "ദൈവം" എന്നതിനു പകരമായി യെഹൂദന്മാർ പറഞ്ഞിരുന്ന വാക്കായിരുന്നു "സ്വർഗ്ഗം"; ദൈവത്തിന്റെ പേർ ദുരുപയോഗം ചെയ്യാതിരിക്കുവാനായിരുന്നു അങ്ങനെ ഉപയോഗിച്ചത് (പുറ. 20:7). അന്യോന്യം വേറിട്ടു നിൽക്കുന്ന രണ്ടു തിരഞ്ഞെടുപ്പായിരുന്നു, മനുഷ്യരിൽനിന്ന് അല്ലെങ്കിൽ ദൈവത്തിൽനിന്ന് എന്നത് (പ്രവൃ. 5:38, 39).

തങ്ങളെ തന്നെ അവർ വിഷമസന്ധിയിലാക്കി എന്ന് ആ അദ്ധ്യക്ഷന്മാർ തിരിച്ചറിഞ്ഞിരുന്നു. "**സ്വർഗത്തിൽനിന്ന്,**" എന്ന് അവർ ശരിയായി ഉത്തരം പറഞ്ഞാൽ, പിന്നെ അവൻ അവരോട് പ്രതികരിക്കും, "**പിന്നെ നിങ്ങൾ എന്തുകൊണ്ട് അവനിൽ വിശ്വസിക്കുന്നില്ല?**" യോഹന്നാനെ പ്രവാചകനായി അവർ സ്വീകരിച്ചാൽ, നിർബ്ബന്ധമായും യേശുവിനെ മശിഹയായി വിശ്വസിക്കണം, കാരണം യോഹന്നാൻ യേശുവിന്റെ വ്യക്തിത്വത്തെ സാക്ഷീകരിച്ചിരുന്നു (യോഹ. 1:29-34). എങ്ങനെയായാലും, അവർ യോഹന്നാനെ തള്ളിക്കളഞ്ഞിരുന്നു (21:32). "**മനുഷ്യരിൽനിന്ന്**" എന്ന് അവർ ഉത്തരം പറഞ്ഞാൽ, ആളുകൾ കലഹമുണ്ടാക്കുമെന്ന് അവർ ഭയപ്പെട്ടിരുന്നു, കാരണം **ജനങ്ങളെല്ലാം യോഹന്നാനെ ഒരു പ്രവാചകനായി കണക്കാക്കി** [യിരുന്നു] (14:5).

**വാക്യം 27.** മഹാപുരോഹിതന്മാരും മൂപ്പന്മാരും സത്യം അന്വേഷിക്കുന്നതിനേക്കാൾ തങ്ങളുടെ അധികാരം നിലനിർത്തുന്ന തിരക്കിലായിരുന്നു. അവർ **യേശു**വിനോട് ഇങ്ങനെ പ്രതികരിച്ചു, "**ഞങ്ങൾക്ക് അറിയില്ല.**" അവർ തങ്ങളുടെ അഭിപ്രായം പറയുന്നതിനുപകരം, രാഷ്ട്രീയക്കാരുടെ നിഷ്പ്പക്ഷത നടിക്കുകയായിരുന്നു. '**'ഞാനും എന്തധികാരം കൊണ്ട് ഇതു ചെയ്യുന്നു എന്നു നിങ്ങളോട് പറയുന്നില്ല**" എന്ന് യേശു പറഞ്ഞു. കർത്താവിന്റെ പ്രതികരണം "അവരുടെ കാപട്യത്തെ വെളിപ്പെടുത്തുന്നതും, തന്റെ അധികാരവും, യോഹന്നാന്റെ അധികാരവും ഒന്നായിരുന്നു എന്ന് ജനത്തോട് സ്പഷ്ടമാക്കുന്നതുമായിരുന്നു."[25]

## പാഠങ്ങൾ

### ബലഹീനരോട് മനസലിവുള്ളവൻ (21:14-17)

എവിടെ തിരിഞ്ഞാലും, സാമൂഹ്യനിലവാരം കുറഞ്ഞവരോടും ഇല്ലാത്തവരോടും യേശു മനസലിവ് പ്രകടമാക്കി. അവൻ കുരുടരേയും മുടന്തരേയും സൗഖ്യമാക്കി, ഭിക്ഷ യാചിച്ചു ജീവിക്കേണ്ട സ്ഥിതി മാറ്റിക്കൊടുത്തു. ശാരീരിക സൗഖ്യം അവർക്ക് ആത്മിയമായി ദൈവാലയത്തിൽ ദൈവത്തിനടുക്കൽ പ്രവേശിക്കുവാനുള്ള അവസരവും ഒരുക്കി. വിവിധ രോഗത്താലും

മുറിവുകളാലും വേദന അനുഭവിക്കുന്ന ആളുകളോട് നാം മനസലിവുള്ള വരാകണം. അതിനേക്കാളുപരിയായി അവരുടെ ആത്മാക്കളെ കുറിച്ച് നാം കരുതലുള്ളവരാകണം.

യേശുവിനു ശിശുക്കളിലും താൽപര്യമുണ്ടായിരുന്നു. അവരെ അനുഗ്ര ഹിക്കുവാൻ അവൻ സമയം ചെലവഴിച്ചിരുന്നു. അവരുടെ പുകഴ്ച്ച അവൻ സന്തോഷത്തോടെ സ്വീകരിച്ചിരുന്നു. യേശുവിന്റെ സ്നേഹത്തെ കുറിച്ച് നാം നമ്മുടെ കുട്ടികളെ, ജനനം മുതൽ പഠിപ്പിക്കണം, അവരെ പ്രബോധിപ്പിക്ക യും, സംരക്ഷിക്കുകയും ചെയ്യണം.

ഡേവിഡ് സ്റ്റുവർട്ട്

**ഉണങ്ങിയ വൃക്ഷങ്ങളും തള്ളിക്കളഞ്ഞ കല്ലുകളും (21:18-46)**

മത്തായി 21:18-46-ൽ, യേശു ദൈവത്തിനെതിരായി മൽസരിച്ച ഫലം പു റപ്പെടുവിക്കാത്ത അവിശ്വസ്തരായ യെഹൂദന്മാരെ എതിർത്തിരുന്നു.

1. *ഫലമില്ലാത്ത അത്തിവൃക്ഷം* (21:18-22). ദൂരെനിന്നു ഫലം പ്രതീക്ഷിച്ചു എങ്കിലും, അടുത്ത് ചെന്നപ്പോൾ ഫലം കാണായ്കയാൽ, കർത്താവ് നിരാശ നായി. അന്ന് അനേകം ദൈവത്തിന്റെ ജനം അങ്ങനെയായിരുന്നു. അവർക്ക് ന്യായപ്രമാണം ലഭിച്ചിരിക്കകൊണ്ട്, നീതിയുള്ള ഫലം അവരിൽ പ്രതീക്ഷി ച്ചു, പക്ഷെ ഫലം ഒന്നും കണ്ടില്ല. യെരുശലേമിന്നു വരുവാനുള്ള നാശത്തെ കാണിക്കുവാൻ, അവൻ അത്തിവൃക്ഷത്തെ ശപിച്ചു. യേശു എന്തുകൊണ്ടാണ് അങ്ങനെ ചെയ്തത് എന്നു ശിഷ്യന്മാർക്ക് മനസിലായില്ല. അത് എങ്ങനെ സംഭവിച്ചു എന്നോർത്ത് ശിഷ്യന്മാർ ആശ്ചര്യപ്പെട്ടു. ആ അവസരം, യേശു അവരെ വിശ്വാസത്തെ കുറിച്ച് പഠിപ്പിക്കുവാനായി ചെലവഴിച്ചു.

2. *വിശ്വാസമില്ലാത്ത ആളുകൾ* (21:23-32). അവൻ അനേകം അത്ഭുത ങ്ങളും വീര്യപ്രവൃത്തികളും ചെയ്തിട്ടും, യെഹൂദന്മാരായ അദ്ധ്യക്ഷന്മാർ അവനിൽ വിശ്വസിച്ചില്ല. പകരം, അവ ചെയ്യുവാൻ അവന് എന്തധികാരമാ ണുള്ളത് എന്നാണ് അവർ ചോദിച്ചത്. സത്യം അന്വേഷിക്കുന്നതിനു പകരം അവർ യേശുവിനെ കുറ്റം ചുമത്തുകയായിരുന്നു. അവരുടെ അനുസരണ ക്കേട് വെളിപ്പെടുത്തി, അവൻ രണ്ടു മക്കളുടെ ഉപമ പറഞ്ഞു.

3. *പരാജയപ്പെട്ട വ്യവസ്ഥ* (21:33-46). ഉടയവന്റേയും തോട്ടത്തിന്റേയും ഉപമയിൽ, യെഹൂദ മതാദ്ധ്യക്ഷന്മാർ പലപ്പോഴും ദൈവേഷ്ടത്തെ തള്ളിക്കള ഞ്ഞതായി വെളിപ്പെടുത്തിയിരിക്കുന്നു. അവരുടെ ചരിത്രത്തിൽകൂടെ, അവന്റെ രാജ്യത്തിന്റെ അധികാരം അവർ പിടിച്ചെടുക്കുവാൻ ശ്രമിക്കുകയായിരുന്നു. അവരോട് മാനസാന്തരം ആഹ്വാനം ചെയ്യുവാൻ അയക്കപ്പെട്ട പ്രവാചകന്മാരെ അവർ കൊന്നു കളഞ്ഞു. അവസാനം, അവർ അവന്റെ സ്വന്ത പുത്രനേയും കൊല്ലും. അതുകൊണ്ട്, ദൈവം അവരെ ശിക്ഷിക്കുകയും, വിശ്വാസമുള്ള പു തിയ ആളുകളെ - സഭയെ, അവൻ സ്ഥാപിക്കുകയും ചെയ്യും.

ഡേവിഡ് സ്റ്റുവർട്ട്

**യോഹന്നാന്റെ സ്നാനം (21:23-27)**

*ബാപ്റ്റിസോ* എന്ന ഗ്രീക്ക് ക്രിയയുടെ അർത്ഥം എപ്പോഴും, മുക്കൽ, അല്ലെങ്കിൽ പൂർണ്ണമായി നിമഞ്ജനം ചെയ്യൽ എന്നാണ്. അത് ഒരു മനുഷ്യൻ എങ്ങനെ സ്നാനം ചെയ്താലും ശരിയാണ്. പുതിയ നിയമം പറയുന്നത് അഞ്ചു വ്യത്യസ്ത സ്നാനങ്ങളെയാണ്. ഒന്ന്, കഷ്ടത എന്ന സ്നാനം (മർ.

10:38, 39). മറ്റു രണ്ടെണ്ണം മത്തായി 3:11-ൽ പറയുന്നു: പരിശുദ്ധാത്മ സ്നാനവും, തീയാലുള്ള സ്നാനവും (പാപികളെ നരകമെന്ന നിത്യാഗ്നിയിലേക്ക് തള്ളിക്കളയുന്നതാണ് 3:11, 12 ന്റെ പരാമർശം നോക്കുക). പറഞ്ഞിരിക്കുന്ന മറ്റു രണ്ടെണ്ണം, യോഹന്നാൻ സ്നാപകന്റെ സ്നാനവും, യേശുവിന്റെ മഹത്തായ ആജ്ഞയിലെ സ്നാനവുമാണ് (28:19, 20).

യോഹന്നാൻ കഴിപ്പിച്ചത് "മാനസാന്തര സ്നാനം" ആയിരുന്നുവെങ്കിലും, അർത്ഥമാക്കുന്നത്, ആളുകൾ മാനസാന്തരത്തിനായി സ്നാനമേറ്റു എന്നാണ് (3:8), അതു "പാപമോചനത്തിനായുള്ളതായിരുന്നു" (മർ. 1:4). വരുവാനിരിക്കുന്ന ക്രിസ്തു രക്തം ചിന്തുമെന്ന കാഴ്ച്ചപ്പാടിലായിരുന്നു അവർ സ്നാനം ഏറ്റിരുന്നത്. യോഹന്നാന്റെ സ്നാനം ഏറ്റവർ ക്രിസ്തു മരിക്കുന്നതിനു മുൻപ് വീണ്ടും സ്നാനമേറ്റതായ ഒരു രേഖയും നമുക്ക് ഇല്ല. "പെന്തെക്കൊസ്തുനാളിൽ മൂവായിരം പേർ സ്നാനം ഏറ്റു അവരോട് കൂടെ *ചേർക്കപ്പെട്ടു"* എന്ന പ്രസ്താവന (പ്രവൃ. 2:41; എൻഐവി; എംഫസിസ് ആഡഡ്) അന്തർലീനമാക്കുന്നത്, ചിലർ അതിനു മുൻപ് ദൈവരാജ്യത്തിലായി തീർന്നിരുന്നു എന്നാണ്. യോഹന്നാന്റെ സ്നാനം ഏറ്റിരുന്ന എഫെസൊസിലെ പന്ത്രണ്ടു പുരുഷന്മാർ ക്രിസ്തുവിന്റെ മരണ*ശേഷം*, മഹത്തായ ആജ്ഞയിലെ സ്നാനത്തെ കുറിച്ച് ബോധ്യമായപ്പോൾ, *വീണ്ടും* സ്നാനം ഏൽക്കുകയുണ്ടായി (പ്രവൃ. 19:1-7). യേശുക്രിസ്തുവിന്റെ രക്തം അവന്റ ക്രൂശീകരണത്തിന് മുൻപ് ന്യായപ്രമാണത്തിലുള്ളവർക്കും പ്രയോജനപ്പെട്ടിരുന്നതുകൊണ്ട്, യോഹന്നാന്റെ സ്നാനമേറ്റവർക്കും ക്രിസ്തുവിന്റെ മരണത്തിനു മുൻപ് അതിന്റെ ഫലം ലഭിക്കുമായിരുന്നു (എബ്രാ. 9:15).

---

കുറിപ്പുകൾ

[1]ജോസെഫസ് *ആന്റികിറ്റിസ്* 15.11.1. ഹെരോദാവിന്റെ വാഴ്ച്ച ആരംഭിച്ചത് ബി. സി., 37 ലാണ്, "അവന്റെ വാഴ്ച്ചയുടെ പതിനെട്ടാം വർഷമായിരുന്നു ദൈവാലയ പണി തുടങ്ങിയത്" (ബി. സി. 19). [2]ആർ. ടി.ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യുടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 300. [3]*സോങ്സ് ഓഫ് സോളമൻ* 17:21, 30. [4]ഒന്നാം നൂറ്റാണ്ടിലെ പുരോഹിതന്മാരുടെ അത്യാഗ്രഹം കാണുവാൻ നോക്കുക, ജോസെഫസ് *ആന്റികിറ്റിസ്* 20.8.8; 20.9.2. [5]മിഷ്നാ *ശേഖാലിം* 1.1-3. [6]ഇബിഡ്., 4.8, 9. [7]മിഷ്നാ *ബെഖോരോത്* 8.7; താൽമൂദ് *കിദൂശിൻ* 11 ഏ. [8]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോഡിങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 526. [9]മിഷ്നാ *കെരിതോത്* 1.7. [10]മിഷ്നാ *ബെരാകോത്* 9.5.

[11]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു, 14-28*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 601. [12]ജോസെഫസ് *ആന്റികിറ്റിസ്* 15.11.5; *വാഴ്സ്* 5.5.2; 6.2.4. [13]മൈക്കിൾ ജെ. വിൽക്കിൻസ്, "മാത്യു," ഇൻ *സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗൺസ് കമെന്ററി,* വാല്യം. 1, *മാത്യു, മർക്ക്, ലൂക്ക്,* എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 130. [14]മിഷ്നാ *ഹാഗിഗാഹ്.* 1.1. [15]ഹാഗ്നെർ 601, നോക്കുക, *മെസയാനിക് റൂൾ* 2. [16]മോറിസ്, 528-29. [17]ക്രെയിഗ് എസ്. കീനെർ, *ഏ കമെന്ററി ഓൺ ദ ഗോസ്പൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി.

ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 502. [18]2 മെക്കാബിസ് 7:27. [19]നോക്കുക, മർ. 11:21, അവിടെ യേശു അത്തിയെ "ശപിച്ചത്" കാണാം. [20]വില്യം ഹെൻഡ്രിക്സൺ, *ന്യു ടെസ്റ്റമെന്റ് കമെന്ററി, എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 773.

[21]ആർ .കെ. ഹാരിസൺ, "ഫിഗ്; ഫിഗ് ട്രീ," *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ.*, റെവ. എഡി. ജെഫ്രി. ഡബ്ലിയു. ബ്രോമ്ലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 2:302. [22]കീനെർ, 505. [23]സഭ സ്ഥാപിച്ച ശേഷം പത്രൊസിനെയും യോഹന്നാനേയും ഇതേപോലെ ചോദ്യം ചെയ്തിട്ടുണ്ട് (പ്രവൃ. 4:5-7). [24]ഡബ്ലിയു. എഫ്. ആൾബ്രൈറ്റും സി. എസ്. മാനും, *മാത്യു*, ദ *ആങ്കർ ബൈബിൾ* (ഗാർഡൻ സിറ്റി, ന്യൂയോർക്ക്.: ഡബിൾഡേ & കമ്പനി., 1971), 260. [25]ജെ. ഡബ്ലിയു. മേക്ഗാർവേ, *ദ ന്യുടെസ്റ്റമെന്റ് കമെന്ററി, വാല്യം. 1, മാത്യു ആന്റ് മാർക്ക്* (എൻ.പി., 1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., എൻ.ഡി.), 183.